LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഹരിതകേരളം രണ്ടാം ഘട്ടത്തിൽ എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ എന്നീ പദ്ധതികൾ നടപ്പിലാക്കി.

(ബി) വഴിയോരത്തണൽ പദ്ധതിക്കായി 2010 ഏപ്രിൽ മാസം മുതൽ വാച്ചർമാരെ നിയോഗിച്ചിട്ടില്ല.

ഹരിതകേരളം രണ്ടാം ഘട്ടം പദ്ധതിക്കുവേണ്ടി തയ്യാറാക്കപ്പെട്ട നഴ്സറികളുടെ പരിചരണ-സംരക്ഷണ ജോലികൾക്കായി 2010 ഏപ്രിൽ മുതൽ 2010 ജൂൺ 15 വരെയുള്ള കാലയളവിലേക്ക് നിയോഗിച്ചിട്ടുള്ള വാച്ചർമാരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

വനംവകുപ്പ് വയനാട് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ

130 (4483) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പ് വയനാട് ജില്ലയിൽ 2006 മുതൽ 2010 വരെ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വിശദമാക്കുമോ ;

(ബി) വയനാട് ജില്ലയിൽ വനം വകുപ്പ് നടപ്പിലാക്കി വരുന്ന ടൂറിസം പദ്ധതികൾ ഏതെല്ലാമാണ് എന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ ;

(സി) സുൽത്താൻബത്തേരി മണ്ഡലത്തിൽ വനമേഖലയുമായി ബന്ധപ്പെട്ട് ഏതൊക്കെ പുതിയ പദ്ധതികൾ നടപ്പിലാക്കാനാണ് ആലോചിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വനം വകുപ്പ് 2006 മുതൽ 2010 വരെ വയനാട് ജില്ലയിലെ നോർത്ത് വയനാട് നിയോജകമണ്ഡലത്തിലും സുൽത്താൻ ബത്തേരി നിയോജക മണ്ഡലത്തിലും ചുവടെ പേരെഴുതിയിട്ടുള്ള പ്രധാന പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

1. **പ്രോജക്ട് എലിഫന്റ്** : ആനത്താര ഏറ്റെടുക്കൽ (നോർത്ത് വയനാട്), വന്യമൃഗവേട്ട തടയുന്നതിനായി ക്യാമ്പ് ഷെഡ്ഡുകളുടെ നിർമ്മാണം, കാട്ടുതീ തടയൽ, വന്യജീവി ആക്രമണം മൂലമുള്ള നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം, ആന പ്രതിരോധ മതിലുകൾ, സൗരോർജ്ജ വേലികൾ, കുളം, ചെക്ക് ഡാം നിർമ്മാണം, ക്യാമ്പ് ഷെഡ് നിർമ്മാണം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

2. **നീലഗിരി ബയോസ്ഫിയർ റിസർവ്** : നോൺ റ്റിമ്പർ ഫോറസ്റ്റ് പ്രൊഡ്യൂസ്/മെഡിസിനൽ ട്രീ സ്പീഷീസ് തൈകളുടെ ഉൽപ്പാദനം, കാട്ടുതീ തടയൽ, വനാശ്രിത കുടുംബങ്ങൾക്ക് കുടിവെള്ള വിതരണം, ബോധവൽക്കരണ ക്യാമ്പുകൾ, മെഡിക്കൽ ക്യാമ്പുകൾ, സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി ഡ്രൈവിംഗ്, ടെയിലറിംഗ്, തേനീച്ച വളർത്തൽ മതുലായവയിൽ നൽകുന്ന പരിശീലനം മുതലായവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

3. 12 th ഫിനാൻസ് കമ്മീഷൻ പദ്ധതി : ചന്ദനമരങ്ങളുടെ സംരക്ഷണം, സൗരോർജ്ജവേലികളുടെ നിർമ്മാണം, കാട്ടുതീ തടയൽ, ചെക്ക്ഡാം നിർമ്മാണം, കഞ്ചാവ് കൃഷി നിർമ്മാർജ്ജനം മുതലായ പ്രവൃത്തികൾ ഉൽപ്പെടുന്നു.

4. ഇന്റൻസിഫിക്കേ,ൻ ഓഫ് ഫോറസ്റ്റ് മാനേജ്മെന്റ് : കാട്ടുതീ തടയൽ, ബോധവൽക്കരണ ക്ലാസുകൾ, ജീവനക്കാർക്ക് ക്വാർട്ടേഴ്സ്, വാച്ച് ടവർ മുതലായവ ഉൽപ്പെടുന്നു.

5. **വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടേയും സംരക്ഷണത്തിനും പരിപാലനത്തിനുമായുള്ള പദ്ധതി** : വന്യജീവിവേട്ട തടയൽ, ക്യാമ്പ് ഷെഡ് നിർമ്മാണം, സൗരോർജ്ജ വേലി നിർമ്മാണം, ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ, വന്യജീവി ആക്രമണം മൂലമുള്ള നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം, ചെക്ക് ഡാം, പ്രകൃതി പഠന ക്ലാസുകൾ മുതലായ പദ്ധതികൾ ഉൾപ്പെടുന്നു.

6. നാഷണൽ അഫോറസ്റ്റേഷൻ പ്രോഗ്രാം : ശോഷിച്ച വനങ്ങളുടെ പുനരുജ്ജീവനം

7. ബാംബു മിഷൻ : മുളതൈ നടീൽ മുതലായവ.

8. നാഷണൽ മെഡിസിനൽ പ്ലാന്റ് ബോർഡ് : തടിയിതര വിഭവങ്ങളുടെ പ്രോസസിംഗ് യൂണിറ്റ് സ്ഥാപിക്കൽ.

9. എക്കോ ടൂറിസം പദ്ധതി

10. പട്ടികവർഗ്ഗ വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ വനത്തിനകത്തും വനത്തോട് ചേർന്ന പ്രദേശത്തുമുള്ള ആദിവാസികൾക്ക് വീടുകളുടെ നവീകരണം, പച്ചക്കറി കൃഷി വൈദ്യുതീകരണം, അംഗൻവാടി കെട്ടിട നിർമ്മാണം മുതലായവ.

11. നബാർഡിന്റെ സഹായത്തോടെയുള്ള പദ്ധതികൾ : റോഡ് നവീകരണം മുതലായവ.

(ബി) വയനാട് ജില്ലയിൽ വനം വകുപ്പ് നടപ്പിലാക്കി വരുന്ന ടൂറിസം പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കൽപ്പറ്റ മണ്ഡലത്തിൽ സൂചിപ്പാറ, മീൻമുട്ടി, ചെമ്പ്രാ പീക്ക്, ബാണാസുര മീൻമുട്ടി.

2. സുൽത്താൻ ബത്തേരി മണ്ഡലത്തിൽ പാക്കം-കുറവ, മുത്തങ്ങ.

3. നോർത്ത് വയനാട് മണ്ഡലത്തിൽ തിരുനെല്ലി, പക്ഷിപാതാളം.

(സി) സുൽത്താൻബത്തേരി മണ്ഡലത്തിൽ ഉൾപ്പെടുന്ന ചെതലത്ത് റെയിഞ്ചിൽ പവർഫെൻസിംഗ് നിർമ്മിക്കുന്നതിനും ആനപ്രതിരോധ മതിലുകൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വനാതിർത്തിയോട് ചേർന്ന പ്രദേശങ്ങളിൽ കാട്ടാനശല്യം തടയുന്നതിന് ലഭ്യമാകുന്ന ഫണ്ട് അനുസരിച്ച് വൈദ്യുതി കമ്പിവേലി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly